**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3479 15.07.2015-ൽ മറുപടിക്ക്**

**കേശവപുരം സി.എച്ച്.സി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ബി.സത്യൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേശവപുരം സി.എച്ച്.സി.യിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിഭാഗം ഇവിടെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; ; | (എ), (ബി) & (സി) കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇവ പ്രവർത്തനസജ്ജമായിട്ടില്ല. യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത സി.എച്ച്.സി യിൽ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | |
| (സി) കേശവപുരം സി.എച്ച്.സിയിൽ ഗൈനക്കോളജി വിഭാഗം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | |

Sobhu

സെക്ഷൻ ഓഫീസർ